"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2025-2026 - ബജറ്റ് പ്രവൃത്തി - എറണാകുളം ജില്ല - വൈപ്പിൻ മണ്ഡലം - **'വൈപ്പിൻ മണ്ഡലത്തിലെ സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മാണം'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2735/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20/08/2025 ലെ LSGD/PD/25675/2025-DB2 നമ്പർ കത്ത്

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II വാല്യം-II ക്രമ നമ്പർ-2322 150 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയ **'വൈപ്പിൻ മണ്ഡലത്തിലെ സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മാണം'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 2025-26 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തുപണികളുടെ വിശദവിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 2322 ആയി 150 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന പട്ടികയിൽ പറയുന്ന **' വൈപ്പിൻ മണ്ഡലത്തിലെ സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മാണം"** എന്ന പ്രവൃത്തിക്ക് ചുവടെ ചേർക്കുന്ന CET-യുടെ ശിപാർശകൾക്ക് വിധേയമായി 150 ലക്ഷം രൂപയുടെ( നൂറ്റിയമ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

| നം | പഞ്ചായത്ത് | വാർഡ് നം. | അംഗൻവാടിയുടെ പേര് & സെന്റർ നം. | തുക |
|---|---|---|---|---|
| 1 | പള്ളിപ്പുറം | 6 | പുലരി അംഗൻവാടി-36 | 30,00,000/- |
| 2 | ഞാറയ്ക്കൽ | 2 | അഭയ അംഗൻവാടി-119 | 30,00,000/- |
| 3 | പള്ളിപ്പുറം | 19 | കിങ്ങിണി അംഗൻവാടി-34 | 30,00,000/- |
| 4 | വലിയ കടമക്കുടി | 1 | അംഗൻവാടി-4 | 30,00,000/- |

| | | | | |
|---|---|---|---|---|
| 5 | എളങ്കുന്നപ്പുഴ | 21 | മേരി മാതാഅംഗൻവാടി-105 | 30,00,000/- |
| | ആകെ | | | 150 ലക്ഷം രൂപ |

<u>CTE-യുടെ ശിപാർശകൾ</u>

1. ആർ സി സി ഫ്രെയിംഡ് ആയി നിർദ്ദേശിച്ചിരിക്കുന്ന കെട്ടിട ഭാഗങ്ങൾ ടി എസ് അതോറിറ്റി വിശകലനം ചെയ്യേണ്ടതും ആയത് സൈറ്റിലെ സാഹചര്യം അനുസരിച്ച് ആവശ്യമുണ്ടെങ്കിൽ RCC പ്ലിന്ത് ലെവൽ വരെ മാത്രം നൽകാവുന്നതാണ്
2. CRZ ക്ലിയറൻസ് പോലുള്ളവ ബാധകമായ പ്രവൃത്തികൾക്ക് ഉറപ്പ് വരുത്തേണ്ടതാണ്.
3. പ്രവൃത്തികളുടെ അളവുകളും നിരക്കും ടി എസ് അതോറിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
4. മുകളിൽ പറഞ്ഞ പ്രകാരമുള്ള പ്രവൃത്തികളുടെ ടി. എസ് എസ്റ്റിമേറ്റ് ടെൻഡർ ചെയ്യുന്നതിന് മുൻപ് ടി എസ് അതോറിറ്റി ധനകാര്യ വകുപ്പിന് അറിവിലേയ്ക്കായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
#ApprovedByDesignation#

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 10-11-2025 11:48:48
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, എറണാകുളം
4. സെക്രട്ടറി, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്, എറണാകുളം
5. സെക്രട്ടറി, വലിയ കടമക്കുടി ഗ്രാമപഞ്ചായത്ത്, എറണാകുളം
6. സെക്രട്ടറി, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) തിരുവനന്തപുരം
8. ധനകാര്യ (വികസന) വകുപ്പ് (DEV-3/277/2025-FIN തീയതി 07/11/2025) (എ.എസ്.നം. AS/LGD/25/47548)
9. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
11. കരുതൽ ഫയൽ (ഡി.ബി3/312/2025/എൽ.എസ്.ജി.ഡി)